# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 451 | | 08.08.2017 - ൽ മറുപടിക്ക് | |
|---|---|---|---|
| **ജി.എസ്.ടി. യുടെ മറവിൽ സാധനങ്ങൾക്ക് അധികവില** | | | |
| | ചോദ്യം | | മറുപടി |
| | ശ്രീ. ടി.വി. ഇബ്രാഹിം | | ഡോ. ടി.എം തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പു മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതിന്റെ മറവിൽ ചില വ്യാപാരികൾ സാധനങ്ങൾക്ക് അധികവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | ജി.എസ്.ടി നടപ്പാക്കിയിട്ടുള്ള എല്ലാ രാജ്യങ്ങളിലും വിലക്കയറ്റം പ്രകടമായിട്ടുണ്ട്. വിവിധ നികുതികൾ ചേരുന്ന ആകെ നികുതി ഭാരം ചരക്കുസേവന നികുതി സമ്പ്രദായത്തിൽ കുറയുമെങ്കിലും ഇത്തരത്തിൽ കുറവു വരുന്ന നികുതിയുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള വൻകിട കമ്പനികളുടെയും വിതരണക്കാരുടെയും ത്വരയാണ് ഇത്തരത്തിലുള്ള വിലക്കയറ്റത്തിന് കാരണമാകുന്നത്. ഈ വസ്തുത കേരളം ജി.എസ്.ടി കൗൺസിലിൽ ആവർത്തിച്ച് ചൂണ്ടിക്കാണിക്കുകയും ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്കു വേണ്ടി ഉറച്ച നിലപാട് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നികുതി നിരക്കുകൾ നിർണ്ണയിക്കുന്ന ഘട്ടത്തിൽ കൗൺസിലിൽ കേരളം ചൂണ്ടിക്കാണിച്ച ഈ ആശങ്ക യാഥാർത്ഥ്യമാകുന്നതാണ് നാം കാണുന്നത്. ഓരോ ചരക്കിന്റെയും നിലവിലുള്ള നികുതിഭാരവും ജി.എസ്.ടി വരുമ്പോഴുണ്ടാകുന്ന കുറവും കണക്കാക്കി അത് പ്രസിദ്ധപ്പെടുത്തണമെന്നും ഓരോ ചരക്കിന്റെയും ടാക്സ് ഇൻസിഡൻസ് കാണിക്കുന്ന മാട്രിക്സ് സംസ്ഥാനങ്ങൾക്ക് കൈമാറണമെന്നും ജി.എസ്.ടി കൗൺസിലിൽ കേരളം നിരന്തരം ആവശ്യപ്പെട്ടുപോന്നതാണ്. ഇത് ലഭിക്കാതിരുന്നിട്ടും 100 ഉൽപന്നങ്ങളുടെ നികുതിയിൽ ഉണ്ടാകുന്ന കുറവ് തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.<br>കേന്ദ്രതലത്തിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയും സംസ്ഥാനതലത്തിലെ സമിതികളും യഥാസമയം രൂപീകരിക്കണമെന്നും സംസ്ഥാന സർക്കാർ നിലപാട് സ്വീകരിച്ചു. ജി.എസ്.ടി നടപ്പാക്കിയതിലൂടെ വളരെയധികം ചരക്കുകളുടെ നികുതി നിരക്ക് കുറഞ്ഞിട്ടുണ്ടെങ്കിലും നികുതിക്കുറവിന്റെ ആനുകൂല്യം ലഭിച്ച പല ഫാസ്റ്റ് [illegible] |

| | | | |
|---|---|---|---|
| | | | കുറയ്ക്കാതെ അമിതലാഭം കൈയടക്കുന്ന പ്രവണത വിപണിയിൽ ദൃശ്യമാണ്. 2017 ജൂൺ 30 ന് വിൽപ്പനക്കാരുടെ കൈയിൽ സ്റ്റോക്ക് ഉണ്ടായിരുന്ന ചരക്കുകൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കിട്ടുന്നതു സംബന്ധിച്ച ആശയക്കുഴപ്പവും വിപണയിൽ പ്രതിഫലിച്ചു.<br>സംസ്ഥാനത്തിനകത്തും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായിട്ടുണ്ട്. നികുതി പൂർണ്ണമായും ഇല്ലാതാകുന്ന കോഴിക്ക് വില കയറുന്ന സ്ഥിതിവന്നു. വൻകിട കോഴി ഏജന്റുമാർ 'കാർട്ടൽ' പോലെ പ്രവർത്തിച്ച് നികുതിയിൽ ഉണ്ടായ ഇളവ് ഉപഭോക്താക്കൾക്ക് കൈമാറാതെ കൈയടക്കുന്നതിനുള്ള നീക്കത്തിന്റെ ഫലമായിരുന്നു ഇത്. ഇതിനെതിരെ സംസ്ഥാന സർക്കാർ ഉറച്ച നിലപാട് സ്വീകരിച്ചു. അനിയന്ത്രിതമായി വില കയറുന്നതിനുള്ള പ്രവണതയെ ഒരു പരിധി വരെ കടിഞ്ഞാൺ ഇടാൻ ഇതുമൂലം കഴിഞ്ഞു. സിവിൽ സപ്ലൈസ് കോർപ്പറേഷൻ നികുതി നിരക്കിൽ വന്ന ഇളവുകൾ ഉടനടി തന്നെ പ്രാബല്യത്തിൽ വരുത്തുകയും കോർപ്പറേഷൻ വഴി വിൽക്കുന്ന ചരക്കുകൾക്ക് വിലക്കുറവ് പ്രഖ്യാപിക്കുകയും ചെയ്തു. ജി.എസ്.ടി.യുടെ പ്രാരംഭഘട്ടത്തിൽ ചില അവ്യക്തതകൾ വ്യാപാരി സമൂഹത്തിന് ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായി. ഈ പരാതികൾ പരിഹരിക്കുതിനായി വ്യാപാരി വ്യവസായികളുടെ സംഘടനകളെ വിളിക്കുകയും ജി.എസ്.ടി.യിലൂടെ ലഭിക്കുന്ന നികുതി നിരക്കിന്റെ കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്നോ ആവശ്യപ്പെടുകയും ചെയ്തു.<br>സംസ്ഥാനത്തിന് പുറത്തു നിന്നും വാങ്ങുന്ന ചരക്കുകൾക്കും സേവനങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാണ്. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ നികുതി നിരക്കിൽ വന്നിട്ടുള്ള കുറവും ഇൻപുട്ട് ടാക്സിന്റെ പ്രയോജനവും കണക്കിലെടുത്ത് അവശ്യവസ്തുക്കൾക്ക് വിലക്കുറവ് ഉണ്ടാകുമൊണ് പ്രതീക്ഷിക്കുന്നത്. ഇത് നിരീക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കുന്നതാണ്. ജി.എസ്.ടി.യുടെ മറവിലുള്ള വിലക്കയറ്റം നിയന്ത്രിക്കാനുള്ള ശക്തമായ നടപടികൾ കേന്ദ്ര സർക്കാരും സ്വീകരിക്കണമെന്ന് നിരന്തരമായി ആവശ്യപ്പെടുകയാണ്. |

| | | | |
|---|---|---|---|
| (ബി) | ഇതുമായി ബന്ധപ്പെട്ട് വ്യാപാരികൾ/വിതരണക്കാർ എന്നിവർക്കെതിരെ എന്തെങ്കിലും നടപടികളോ കേസുകളോ എടുത്തിട്ടുണ്ടോ; | (ബി) യും (സി) യും | ജിഎസ്ടി നടപ്പിൽ വരുത്തിയതിന്റെ ആദ്യഘട്ടത്തിൽ ഉണ്ടായ ആശയക്കുഴപ്പങ്ങളും സംശയങ്ങളുമെല്ലാം വ്യാപാരികളെയും ആശങ്കയിലാക്കിയിരുന്നു. ഉയർന്ന നികുതി നൽകി വാങ്ങിവെച്ചിരുന്ന സ്റ്റോക്കിന് ലഭിക്കുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സംബന്ധിച്ചും മറ്റും ഉണ്ടായ അവ്യക്തതകളും ഇതിനു കാരണമായിട്ടുണ്ട്. ഈ വസ്തുതകൾ കണക്കിലെടുത്ത് വ്യാപാരികളുടെയും മറ്റും യോഗം ചേർന്ന് വിശദീകരിക്കാനാണ് സർക്കാർ ശ്രമിച്ചത്. ജിഎസ്ടിയുടെ മറവിൽ അമിതലാഭം കൈയടക്കാനുള്ള പ്രവണത അംഗീകരിക്കില്ലെന്നും അങ്ങനെയുണ്ടായാൽ ആന്റി പ്രോഫിറ്ററിംഗ് കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തി നടപടികൾക്ക് സമ്മർദ്ദം ചെലുത്തുമെന്നും വ്യാപാരികളെ അറിയിച്ചു. എം ആർ പി ചട്ടങ്ങൾ പാലിക്കാത്തവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ ബന്ധപ്പെട്ട അധികാരികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (ഡി) | ജി.എസ്.ടി നടപ്പിലാക്കുമ്പോൾ അവശ്യ സാധനങ്ങളുടെ വില വർദ്ധിക്കാതിരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | ജി.എസ്.ടി നിയമപ്രകാരം പ്രധാനപ്പെട്ട 100 ഉപഭോക്തൃ ഉല്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ കണക്കുകൾ പത്രങ്ങളിൽ ഇതിനകം തന്നെ പരസ്യപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്കും വ്യാപാരികൾക്കും വ്യാപാരസംഘടനകൾക്കും കേരളമൊട്ടാകെ വിവിധതരത്തിലുള്ള ബോധവത്കരണ പഠനക്ലാസ്സുകൾ വകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. വ്യാപാരികളുടെ സംശയനിവാരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്ക്കുകൾ എല്ലാ ജില്ലകളിലും വകുപ്പിന്റെ ഹെഡ്ക്വാർട്ടേഴ്സിലും പ്രവർത്തിക്കുന്നുണ്ട്. ചരക്കുസേവന നികുതിയിൽ നികുതി കുറഞ്ഞതും നികുതി ഒഴിവാക്കപ്പെട്ടതുമായ ചില സാധനങ്ങളിൽനിന്നും പരാതി ലഭിച്ചിട്ടുണ്ട്. അതെക്കുറിച്ച് വ്യാപാരികളുമായും വ്യാപാരസംഘടനകളുമായും ചർച്ച നടത്തി പ്രശ്നപരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**